കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

### ചുനക്കര ഗ്രാമപഞ്ചായത്ത്

### ഓഡിറ്റ് റിപ്പോർട്ട്

### 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി12/1538/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

തീയതി.27.12.2016

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചുനക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചുനക്കര ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി12/1538/16 തീയതി:27-12-2016.

## ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 30.11.2016 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, 01.01.2016 മുതൽ 31.03.2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 19 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലീം, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം

| | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.12.16 മുതൽ 20.12.16 വരെ | ശ്രീ. വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ദീപ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ.ഡി.ബിനു | 01.04.2015 മുതൽ 26.10.2015 വരെ |
| 2. | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 27.11.2015 മുതൽ 11.11.2015 വരെ |
| 3. | ശ്രീമതി.ശാന്താ ഗോപാലകൃഷ്ണൻ | 12.11.2015 മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ. ശ്രീകുമാർ | 01.04.2015 മുതൽ 19.01.2016 വരെ |
| 2. | ശ്രീമതി. ശ്രീല.ആർ | 20.01.2016 മുതൽ 28.01.2016 വരെ |
| 3. | ശ്രീമതി. റീത്താ പവിത്രൻ | 29.01.2016 മുതൽ 31.03.2016വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.രജിനി.പി | 01.04.2015മുതൽ<br>31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ഡാനിയേൽ കോശി | 01.04.2015മുതൽ<br>31.03.2016വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി. ഗംഗാഭായി | 01.04.2015മുതൽ<br>31.03.2016വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുധർമ്മ.പി | 01.04.2015മുതൽ<br>31.03.2016വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. റംലാ | 01.04.2015മുതൽ<br>31.03.2016വരെ |
| 6 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീമതി.വസുമതിയമ്മ | 01.04.2015മുതൽ<br>31.03.2016വരെ |
| 7 | അസിസ്റ്റന്റ്<br>സെക്രട്ടറി | ശ്രീമതി.ശ്രീല.ആർ | 01.04.2015മുതൽ<br>31.03.2016വരെ |

| | | | |
|---|---|---|---|
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഗിരിജാ രാജശ്രീ | 01.04.2015മുതൽ 31.03.2016വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സതീഷ് കുമാർ .എം | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11വരെ |
| | ഭാഗം 2 | |
| 2 | ഗ്യാപ്പ് ഫണ്ട് തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 2-1 |
| 3 | വസ്തുനികുതി - നികുതി പരിഷ്കരിച്ചപ്പോൾ സംഭവിച്ച നഷ്ടം ഈടാക്കേണ്ടതാണ്. | 2-2 |
| 4 | തൊഴിൽ നികുതി അടച്ചിട്ടില്ല | 2-3 |
| 5 | അനധികൃത എൻ .പി. ജി ഗോഡൗൺ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു | 2-4 |
| 6 | പ്രതി ദിന വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഡി &ഒ ലൈസൻസ് കണക്കാക്കിയിട്ടില്ല | 2-5 |
| 7 | ലൈസൻസില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-6 |
| 8 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക കുടിശ്ശിക വർദ്ധിക്കുന്നു. | 2-7 |
| | ഭാഗം 3 | |
| 9 | സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ പ്രവർത്തിക്കാത്തവർക്ക് റിവോൾവിംഗ് ഫണ്ട് നല്കി: ഉല്പാദന മേഖലയിൽ വകയിരുത്തിയ ധനസഹായം സേവന മേഖലയിൽ ചെലവഴിച്ചു. | 3-1 |

| | | |
|---|---|---|
| 10 | സ്വയംതൊഴിലിന് ധനസഹായം - വായ്പാബാദ്ധ്യത തീർന്നിട്ടുണ്ടെന്ന് ഉറപ്പാക്കാൻ വ്യവസ്ഥയില്ല. | 3-2 |
| 11 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് – സംയുക്ത പരിശോധന അനിവാര്യം | 3-3 |
| 12 | ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 13 | മുൻവർഷം ഗ്രോബാഗിന് ഈടാക്കിയ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അവശേഷിക്കുന്നു | 3-5 |
| 14 | റോഡ് കോൺക്രീറ്റിംഗ്: കൺവീനർക്ക് അധികം തുക | 3-6 |
| 15 | ടാർവീപ്പവില ഈടാക്കിയില്ല | 3-7 |
| 16 | വാറ്റ്,ക്ഷേമനിധി:കൂടുതൽ തുക അടച്ചു | 3-8 |
| 17 | റോഡ് കോൺക്രീറ്റ് വേലകളിൽ സാങ്കേതിക നിർദ്ദേശം ലംഘിച്ചതിനാൽ അധികചെലവ് | 3-9 |
| | ഭാഗം 4 | |
| 18 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 24.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 99772600 | 96682965 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.16 | 30.07.16 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് .

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10468384 |
| വരവ് | 37993843 |
| ആകെ | 48462227 |
| ചെലവ് | 45255166 |
| നീക്കിയിരിപ്പ് | 3207061 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | കൺസോളി ഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ചത് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു ലഭിച്ചത് | ആകെ | ട്രാൻസ്ഫർ ക്രഡിറ്റ് നല്കിയത് | ചെലവ് | തിരി ച്ചടച്ചത് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6(2+4+5) | 7 | 8 | 9 | 10 |
| വികസനഫണ്ട് പൊതുവിഭാഗം | 350561 | 7277222 | 6363142 | 2709110 | 9422813 | - | 9422813 | 914080 # | |
| വികസനഫണ്ട് എസ്.സി.പി. | 373434 | 6122000 | 5608935 | 0 | 5982369 | | 5982369 | 513065 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | | 0 | 0 | | | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 108962 | 5687000 | 4966868 | | 5075830 | | 5369514 | 426448 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 293684 | 2546000 | 2356939 | 0 | 2650623 | | 2356939 * | 482745 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 328299 | 3872729 | 5857856 | 0 | 6186155 | 1985127 | 4201028 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 2618000 | 723983 | 644949 | 0 | 3262949 | 723983 | 2538966 | 79034 | |

# വികസനഫണ്ട് പൊതുവിഭാഗത്തിന് ട്രഷറിയിൽ നീക്കിയിരിപ്പ് 3191137 രൂപയാണ്. എന്നാൽ പഞ്ചായത്തിലെ എ.സി.ആർ പ്രകാരം 914080രൂപ മാത്രമേയുള്ളൂ.

* സംരക്ഷണഗ്രാന്റ് നോൺറോഡിന്റെ മുന്നിരിപ്പ് തുക സംരക്ഷണഗ്രാന്റ് റോഡ് ഇനത്തിൽ ചെലവഴിച്ചു.

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 147 | 52547537 | 121 | 32757131 | 9 | 17 | 82.31 |

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3940139 | 2201384 | -1738755 | -44.14 |
| നികുതിയേതര വരവുകൾ | 644653 | 432673 | -211980 | -32.88 |
| മറ്റ് വരവുകൾ | 7019 | 64574 | +57555 | +82 |
| | 4591811 | 2698631 | -1893180 | -41.2 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 355200 | 214 |
| കർഷകതൊഴിലാളി പെൻഷൻ | 4920540 | 508 |
| വിധവാപെൻഷൻ | 8120680 | 834 |
| വാർദ്ധക്യകാലപെൻഷൻ | 14387910 | 2206 |
| വികലാംഗപെൻഷൻ | 2641550 | 270 |
| അവിവാഹിതപെൻഷൻ | 497520 | 44 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 310000 | |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8258 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം 2015-16 ൽ കാര്യക്ഷമമായിരുന്നു. കമ്പ്യൂട്ടർ -അനുബന്ധ ഉപകരണങ്ങൾ, വാഹന പരിപാലനം സംബന്ധിച്ച് ആവശ്യമായ രജിസ്റ്ററുകൾ എന്നിവ സൂക്ഷിയ്ക്കുന്നില്ല. തനതു ഫണ്ട് നിക്ഷേപം ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചുനക്കര ശാഖയിലാണ് . ഇത് കറണ്ട് അക്കൗണ്ടായതിനാൽ പലിശ ലഭിയ്ക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.11.2016 | 10/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.12--18.08.12 | 2007-08---2011-12 | 25.10.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്യാപ്പ് ഫണ്ട് തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

01.02.2016ലെ സ.ഉ.നമ്പർ 1029/2016/ധനം ഉത്തരവ് പ്രകാരം ഗ്രാമപ്പഞ്ചായത്തിന് അനുവദിച്ച 224889/- രൂപ യഥാസമയം ട്രഷറി അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ നിത്യേനയുള്ള ചെലവുകൾക്കായി തനത് ഫണ്ട് തികയാതെ വന്ന സാഹചര്യത്തിൽ ആവർത്തന ചെലവുകളും മറ്റ് അടിയന്തിര ചെലവുകളും നിർവ്വഹിക്കുന്നതിനായി ബഹു.സർക്കാരിനോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ചു നൽകിയ ഗ്രാന്റ് ഫണ്ട് യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഗുരുതരമായ വീഴ്ച വരുത്തിയതു മൂലം പഞ്ചായത്തിന് അർഹമായ ഫണ്ട് നഷ്ടപ്പെട്ടു. കൃത്യവിലോപം മൂലം നഷ്ടപ്പെട്ട ഫണ്ട് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി - നികുതി പരിഷ്കരിച്ചപ്പോൾ സംഭവിച്ച നഷ്ടം ഈടാക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 2013-14 വർഷം മുതൽ കെട്ടിടനികുതി പരിഷ്കരിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ നം, ഉടമയുടെ പേര് | ഉപയോഗ ത്തിന്റെ തരം | തറ വിസ്തീർണ്ണം | യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് | നിർണ്ണയിച്ച നികുതി | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 85 (വാർഡ് 5)<br>ശ്രീ. രാജപ്പൻപിള്ള.ആർ സൗപർണ്ണിക ചുനക്കര തെക്ക് | ആഡിറ്റോറിയം | 1360 ച.മീ. | അടിസ്ഥാനനികുതി = 1360*40 = 54400 ഇളവ് : കാലപ്പഴക്കം 10% = 5440 വർദ്ധനവ് : വഴിസൗകര്യം 20%=10880. തറനിർമ്മിതി 15%=8160 വസ്തുനികുതി: 54400-5440+10880+8160 =68000<br>ലൈബ്രറി സെസ് :3400<br>ആകെ : 68000 + 3400 = 71400 | അടിസ്ഥാനനികുതി= 1360*40=54400 ഇളവ്:കാലപ്പഴക്കം 50%=27200 വർദ്ധനവ്: വഴിസൗകര്യം ഇല്ല. തറനിർമ്മിതി 15% = 8160 വസ്തുനികുതി : 54400-27200+8160 =35360 ലൈബ്രറി സെസ് : 1768<br>ആകെ : 35360+1768 =37128 | 32640+ 1632 = 34272 | (1) |
| 2 | 420 (വാർഡ് 8) അഡ്മിനിസ്ട്രേഷൻ മാനേജർ റ്റാറ്റ ടെലി സർവ്വീസ് എസ്.എൽ.പ്ലാസ പാലാരിവട്ടം | മൊബൈൽ ടെലിഫോൺ ടവർ | 9ച.മീ. | അടിസ്ഥാനനികുതി= 9*500=4500 ഇളവ് : ഇല്ല വർദ്ധനവ് : വഴിസൗകര്യം 20% = 900<br>വസ്തുനികുതി: 4500+900=5400 ലൈബ്രറി സെസ് :270 ആകെ : 5400+270 = 5670 | അടിസ്ഥാനനികുതി= 9*500=4500 ഇളവ് : കാലപ്പഴക്കം 20% = 900 വർദ്ധനവ് : വഴിസൗകര്യം 20% = 900<br>വസ്തുനികുതി :4500-900+900=4500 ലൈബ്രറി സെസ് :225 ആകെ : 4500+225 = 4725 | 900+ 45 =945 | (2) |
| 3 | 515 (വാർഡ് 15) ശ്രീ.ബിജു.റ്റി.നായർ ഹച്ചിസൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് ചുനക്കര നടുവിൽ | മൊബൈൽ ടെലിഫോൺ ടവർ | 62.54 ച.മീ. | അടിസ്ഥാനനികുതി = 62.54*500=31270 ഇളവ് : ഇല്ല വർദ്ധനവ് : വഴിസൗകര്യം 20% = 6254<br>വസ്തുനികുതി : 31270+6254=37524 ലൈബ്രറി സെസ് :1876 ആകെ : 37524+1876 = 39400 | അടിസ്ഥാനനികുതി= 62.54*500=31270 ഇളവ് :കാലപ്പഴക്കം 10%= 3127 വർദ്ധനവ് : വഴിസൗകര്യം 20% = 6254<br>വസ്തുനികുതി :31270-3127+6254= 34397 ലൈബ്രറി സെസ് :1720 ആകെ : 34397+1720= 35117 | 3127+ 156 =3283 | (3) |
| 4 | 582 (വാർഡ് 13) ശ്രീ..എൻ.കെ. നാരായൺ ഹച്ചിസൺ എസ്സാർ ടെലികോം ഇന്ത്യ | മൊബൈൽ ടെലിഫോൺ ടവർ | 12 ച.മീ. | അടിസ്ഥാനനികുതി= 12*500 = 6000 ഇളവ് : ഇല്ല വർദ്ധനവ് : വഴിസൗകര്യം 20% = 1200 | അടിസ്ഥാനനികുതി = 12*500 = 6000 ഇളവ് : കാലപ്പഴക്കം 10% = 600വർദ്ധനവ്: വഴിസൗകര്യം ഇല്ല | 1800+90 =1890 | (4) |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്ട്രക്ചർ ലിമിറ്റഡ് കോമല്ലൂർ | | | വസ്തുനികുതി : 6000+1200=7200 ലൈബ്രറി സെസ് : 360 ആകെ : 7200 + 360 = 7560 | വസ്തുനികുതി : 6000 – 600 = 5400 ലൈബ്രറി സെസ് :270 ആകെ : 5400 + 270 = 5670 | | |
| റിമാർക്ക് (1)കെട്ടിടനികുതി ആദ്യമായി നിർണ്ണയിച്ചത് 2001 ഒന്നാം അർദ്ധവർഷത്തിലാണ്. 10 വർഷം മുതൽ 25വർഷത്തിൽ താഴെ കാലപ്പഴക്കത്തിന് 10% ഇളവാണ് ലഭിക്കുന്നത്. 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിലേക്കാണ് പ്രവേശനമാർഗ്ഗം എന്നതിനാൽ 20% വർദ്ധനവ് വേണം . (2) കെട്ടിടനികുതി നിർണ്ണയിച്ചത് 07.03.2006ലാണ്. കാലപ്പഴക്കം 10വർഷത്തിൽ താഴെ ആയതിനാൽ ഇളവില്ല. (3)കെട്ടിടനികുതി നിർണ്ണയിച്ചത് 12.02.2008 ലാണ്. കാലപ്പഴക്കം 10 വർഷത്തിൽ താഴെ ആയതിനാൽ ഇളവില്ല. (4) കെട്ടിടനികുതി നിർണ്ണയിച്ചത് 12.08.2009 ലാണ്. കാലപ്പഴക്കം 10 വർഷത്തിൽ താഴെ ആയതിനാൽ ഇളവില്ല. | | | | | ആകെ | 38467+ 1923 = 40390 | |

ഈ വിഷയം 16.12.2016 ലെ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണം മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് തയ്യാറാക്കി ബോദ്ധ്യപ്പെടുത്തുകയും പഞ്ചായത്തിന്റെ വരുമാനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. പുതുക്കിയ ഡിമാന്റ് നോട്ടീസ് അടിയന്തിരമായി നല്കി കുടിശ്ശിക ഉൾപ്പടെയുള്ള തുക ഈടാക്കി അറിയിക്കേണ്ട താണ്.

ടി മൊബൈൽ ടവറുകളിൽ ക്രമനമ്പർ 2, 4 എന്നിവയുടെ വിസ്തീർണ്ണം താരതമ്യേന കുറവാണ്. ടവറുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന എല്ലാ കെട്ടിടഭാഗങ്ങളും/ഭൂമിയും നികുതിവിധേയമായിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ട താണ്.

2011 ലെ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം നികുതി പരിഷ്കരിച്ചപ്പോൾ ഇത്തരത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് നികുതി നഷ്ടം ഉണ്ടായിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതി കൂടുതൽ ശ്രദ്ധ നല്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അടച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന നീതി മെഡിയ്ക്കൽ സ്റ്റോർ, നീതി സ്റ്റോർ എന്നിവ 2015-16 ൽ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/17.12.16) ടി സ്ഥാപന ങ്ങൾക്ക് കത്ത് നല്കിയിട്ടുള്ളതായി മറുപടി നൽകിട്ടുണ്ട്.

തൊഴിൽ നികുതി ചട്ടം അനുശാസിയ്ക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 അനധികൃത എൻ .പി. ജി ഗോഡൗൺ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്നു

1996-ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്ന് ക്രമ നം.20-രാസ പദാർത്ഥങ്ങൾ, 32-കത്തുന്ന സാധനങ്ങൾ,

50-രാസ മിശ്രിതങ്ങൾ, 53-വാതകങ്ങൾ, 95-പെട്രോളിയം കോമ്പൗണ്ടുകൾ എന്നിവയിൽ ഏതെങ്കിലും ശേഖരിയ്ക്കുകയോ, സംഭരിയ്ക്കുകയോ, വിപണനം നടത്തുകയോ ചെയ്യുന്നത് പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാകരുത്.

ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ചുനക്കര 6-ം വാർഡിൽ 381-ം നമ്പർ കെട്ടിടത്തിൽ എ.ജി.രവീന്ദ്രനാഥ്, കൃഷ്ണ മംഗലം, ചുനക്കര തെക്ക് എന്നയാളുടെ ഉടമസ്ഥതയിൽ അനധികൃതമായി എൽ.പി.ജി. ഗോഡൗൺ പ്രവർത്തിയ്ക്കുന്നു. അനധികൃത പ്രവർത്തനം നടത്തുന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിയ്ക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/13.12.16) എൽ.പി.ജി. ഗോഡൗൺ പ്രവർത്തനം നിർത്തണമെന്നു കാണിച്ച് സ്റ്റോപ്പ് മെമ്മോ പഞ്ചായത്ത് കൊടുത്തിരുന്നുവെന്നും തുടർന്ന് പോലീസിലും കത്ത് നല്കിയിരുന്നുവെന്നും മറുപടി നല്കി. ഇതിനെതിരെ എൽ.പി.ജി. ഗോഡൗൺ ഉടമ ഓംബുഡ്സമാനിൽ നൽകിയ പരാതി തള്ളുകയും നിലവിൽ ഇത് സംബന്ധിച്ച കേസ് ട്രൈബ്യൂണലിൽ പരിഗണനയിലുമാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 2-5 പ്രതി ദിന വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഡി &ഒ ലൈസൻസ് കണക്കാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ )ചട്ടങ്ങൾ-ചട്ടം 7 പ്രകാരം ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ പരിശോധിച്ച ഭൂരിപക്ഷം അപേക്ഷകളിലും പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ ഈടാക്കിയിരുന്ന ലൈസൻസ് ഫീ തന്നെ തുടർന്നും ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്.

ദിവസേന വൻ വിറ്റു വരവ് ലഭിയ്ക്കുന്ന സ്ഥാപനങ്ങൾ പോലും അത് രേഖപ്പടുത്താതെയിരിയ്ക്കുകയോ തുക കുറച്ചു കാണിയ്ക്കുകയോ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് വാഹനത്തിന് ഇന്ധനം അടിയ്ക്കുന്ന ആദിത്യ ഫ്യൂവൽസ് എന്ന സ്ഥാപനം 2015-16 ലെ അപേക്ഷയിൽ 3000-/ രൂപയാണ് പ്രതിദിന വിറ്റുവരവായി കാണിച്ചിരിയ്ക്കുന്നത്. ലൈസൻ ഫീ ഈടാക്കിയിട്ടുള്ളത് 1000/- രൂപയും. എന്നാൽ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈ പഞ്ചായത്ത് ഓരോ ദിവസവും ഇതിലും ഉയർന്ന തുകയ്ക്ക് ഇന്ധനം അടിച്ചിട്ടുള്ളതായി കാണാം. അവർ 2014 ൽ സമർപ്പിച്ച അപേക്ഷയിൽ 50,000/- രൂപയാണ് പ്രതിദിന വിറ്റുവരവ് കാണിച്ചിട്ടുള്ളത്.

അപേക്ഷകളിന്മേൽ ആവശ്യമായ പരിശോധന കൂടാതെ ലൈസൻസ് ഫീ നിശ്ചയിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/17.12.16) പഞ്ചായത്തിൽ നിന്നും നടത്തിയ അന്വേഷണത്തിൽ സ്ഥാപനത്തിന്റെ പ്രതിദിന വിറ്റു വരവ് 40,000/- രൂപയിൽ അധികമാണ് എന്ന് വ്യക്തമായതിനാൽ മേൽ ചട്ടം ക്രമ നം. 10 പ്രകാരമുള്ള ഫീസ് ഈടാക്കുന്നുണ്ടെന്ന് മറുപടി നല്കി. 15-16 വർഷം ഈയിനത്തിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ലൈസൻസില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

1999 -ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ )ചട്ടങ്ങൾ-ചട്ടം 3 (1 ) പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ ചട്ട പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ചുനക്കര ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഒന്നും തന്നെ 2015-16 ൽ ലൈസൻസ് എടുത്തിട്ടില്ല. ഇവരെ തുടർകാലയളവിൽ ലൈസൻസ് എടുപ്പിയ്ക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കു വാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, ലൈസൻസ് എടുപ്പിയ്ക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് മറുപടി നല്കി.

പഞ്ചായത്ത് പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ആവശ്യമായ ലൈസൻസോടു കൂടി പ്രവർത്തിയ്ക്കുന്നു എന്ന്

ഉറപ്പ് വരുത്തേണ്ടതും തനതു വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 2-7 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക കുടിശ്ശിക വർദ്ധിയ്ക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ചുനക്കര ചന്തയിലെ ഷോപ്പിംഗ് കോംപ്ലക്സ്, കരിമുളയ്ക്കൽ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ 2014-15 വരെയുള്ള വാടക കുടിശ്ശിക 16124/- രൂപയാണ്. 2015-16 ലെ കുടിശ്ശിക 24830/- രൂപയും. കുടിശ്ശിക പിരിവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2014-15 | 16884 | 760 | 16124 |
| 2015-16 | 33644( 2014-15 ലെ കുടിശ്ശിക17520/- രൂപ ഉൾപ്പെടെ) | 8814 | 24830 |

മുൻ വർഷത്തെ അപേക്ഷിച്ച് വാടക കുടിശ്ശിക വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിയ്ക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/17.12.16) നല്കിയ മറുപടിയിൽ 2015-16 ആകെ കുടിശ്ശികയായ 24830/- രൂപയിൽ 9504/- രൂപ രസീത് നം. 1150810056/10.04.15 പ്രകാരം അടച്ചിട്ടുണ്ടെന്നും ശ്രീ. രമണൻ, ബിന്ദു ഭവനം/ശ്രീ. ഷാജി ജോർജ്, പുല്ലേലത്ത് വീട് എന്നിവരുടെ വർഷങ്ങളായുള്ള കുടിശ്ശിക (യഥാക്രമം 6300/- രൂപ, 4240/- രൂപ) ഈടാക്കുവാൻ പല തവണ ഡിമാന്റ് നോട്ടീസുകൾ നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 243 ന് വിധേയമായുള്ള നടപടികൾ പ്രകാരം തുക ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ പ്രവർത്തിക്കാത്തവർക്ക് റിവോൾവിംഗ് ഫണ്ട് നല്കി : ഉല്പാദനമേഖലയിൽ വകയിരുത്തിയ ധനസഹായം സേവനമേഖലയിൽ ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ ,പേര് | S0042/16 റിവോൾവിംഗ് ഫണ്ട് |
| ബിൽ നമ്പർ ,തീയതി | 3/15-16/26.2.16 |
| ചെലവ് തുക | 75000 രൂപ |

കുടുംബശ്രീ തൊഴിൽ സംരഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഉല്പാദനമേഖലയിൽ ആസൂത്രണം ചെയ്ത ടി പ്രൊജക്റ്റ് പ്രകാരം പഞ്ചായത്തിലെ 15 വാർഡുകളിലെയും ഓരോ കുടുംബശ്രീ യൂണിറ്റുകൾക്ക് 5000രൂപ വീതം റിവോൾവിംഗ് ഫണ്ട് നല്കിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകളോട് നേരിട്ട് അന്വേഷിച്ചതിൽ ആരും തന്നെ സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ പ്രവർത്തിക്കുന്നവരോ സ്വയംതൊഴിൽ സംരംഭത്തിന് വേണ്ടി വായ്പ ഉപയോഗപ്പെടുത്തിയിട്ടുള്ളവരോ അല്ല. ബാങ്ക് അനുവദിക്കുന്ന വായ്പ കുടുംബശ്രീ അംഗങ്ങൾ വീതിച്ച് മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും കൃത്യമായി തിരിച്ചടയ്ക്കുകയും

ചെയ്യുന്നുണ്ട്. മികച്ച സംരഭകത്വ യൂണിറ്റുകളാണെങ്കിലും ഇവർ സ്വയംതൊഴിൽസംരംഭമെന്ന നിലയിൽ പ്രവർത്തിക്കുന്നില്ല. പണമിടപാട് മാത്രമാണ് നടക്കുന്നത്. ഇവിടെ ഉല്പാദനമേഖലയിൽ നല്കുന്ന ധനസഹായം സേവനമേഖലയിലേക്ക് ചുരുങ്ങുകയാണുണ്ടായത്. പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക അംഗീകരിക്കാനാകില്ല. ഈ വിഷയം വി.ഇ.ഒ.യുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് (ഓഡിറ്റ് അന്വേഷണം : 18 തീയതി : 17.12.16), ഗ്രൂപ്പുകൾ ആരംഭത്തിൽ തൊഴിൽ സംരഭമെന്ന നിലയിൽ പ്രവർത്തിച്ചിരുന്നു എന്ന് മറുപടി നല്കി. ഭാവിയിൽ ഇത്തരം പ്രൊജക്ട് നടപ്പാക്കുമ്പോൾ സ്വയംതൊഴിൽസംരഭങ്ങളെ സഹായിക്കുന്നതിന് വേണ്ടി റിവോൾവിംഗ് ഫണ്ട് നല്കാൻ ശ്രമിക്കേണ്ടതാണ്.

## **3-2** <u>സ്വയംതൊഴിലിന് ധനസഹായം - വായ്പാബാദ്ധ്യത തീർന്നിട്ടുണ്ടെന്ന് ഉറപ്പാക്കാൻ വ്യവസ്ഥയില്ല</u>

| | | | | |
|---|---|---|---|---|
| പ്രോജക്ട് നമ്പർ, പേര് | S0033/16 സ്വയംതൊഴിലിനായി ഓട്ടോറിക്ഷാ/പിക്അപ് വാഹനം വാങ്ങുന്നതിനുള്ള ധനസഹായം | | | |
| ചെലവ് തുക | 50000 + 150000 = 200000 | | | |
| ബിൽ നമ്പർ | 14/15-16/17.03.2016<br>17/15-16/27.03.2016 | | | |
| ഗുണഭോക്താക്കൾ | സന്തോഷ് കുമാർ<br>സക്ഷംവീട്<br>കോമല്ലൂർ.പി.ഒ | പ്രമോദ്.സി<br>പ്രീതാലയം<br>കോമല്ലൂർ.പി.ഒ | റിബീഷ് .ആർ<br>താമ്പയിൽ വീട്<br>ചുനക്കര | രഘു<br>മേനേത്ത്<br>ചുനക്കര<br>കിഴക്ക് |

ഗുണഭോക്താവിന്റെ സ്വന്തം ആവശ്യത്തിന്, ഗുണഭോക്താവ് സ്വയം നടത്തുന്ന പ്രവർത്തനത്തിന് പൊതുധനത്തിൽ നിന്നും നല്കുന്ന ധനസഹായം എന്ന നിലയിൽ 4 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങിയതിന് 50000 രൂപ വീതം സബ്സിഡി നല്കിയിട്ടുണ്ട്. സബ്സിഡി നല്കുന്നതിന് പുറമെ ധനസഹായത്തുക വ്യക്തികൾക്ക് ബാദ്ധ്യതയാകുന്നില്ല എന്നും ഉറപ്പാക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയാണ് വായ്പാബന്ധിത പ്രൊജക്ടുകളുടെ കാര്യത്തിൽ ധനസഹായത്തുക ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നല്കണമെന്ന് 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശപ്രകാരമാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ഇതിന് വിരുദ്ധമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് പണം നല്കിയത്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കൾ വായ്പ അടച്ചുതീർക്കുന്നുണ്ടെന്നും ഗുണഭോക്താവിന് ബാദ്ധ്യത യായിട്ടില്ലെന്നും ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തുന്നതിന് ഓഡിറ്റ് അന്വേഷണം (നം.16/18.12.2016) നല്കിയതിന് ലഭിച്ച മറുപടിയിൽ വായ്പ കൃത്യമായി ഒടുക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും അടുത്ത ഓഡിറ്റ് വേളയിൽ പാസ്ബുക്ക് ഹാജരാക്കുന്നതാണെന്നും പറഞ്ഞു. ഗുണഭോക്താക്കൾ വായ്പ അടച്ചുതീർക്കുന്നത് അനുസരിച്ച് മാത്രമേ ഉല്പാദനമേഖലയിൽ ധനസഹായം വിനിയോഗിക്കപ്പെട്ടു എന്ന് ഉറപ്പാക്കാനാകൂ. നിലവിൽ സേവനം മാത്രമാണ് നടന്നിട്ടുള്ളത്. ഗുണഭോക്താക്കൾ വായ്പ അടയ്ക്കുന്നതിന്റെ പുരോഗതി പരിശോധിക്കേണ്ടതും വായ്പാബാദ്ധ്യത തീർത്തിട്ടുണ്ടെന്ന വിവരം ഉറപ്പാക്കേണ്ടതു മാണ്. നിശ്ചിതസമയത്തിനുള്ളിൽ വായ്പ അടച്ചുതീർക്കാത്തവരിൽ നിന്നും സബ്സിഡി തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കു വരുത്തേണ്ടതാണ്.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ബാക്ക് എൻഡഡ് സബ്സിഡിയായി ധനസഹായം നല്കേണ്ടതുമാണ്.

## 3-3 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് -സംയുക്ത പരിശോധന അനിവാര്യം

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് പ്രതിമാസം 70898/- രൂപയാണ് അടയ്ക്കുന്നത്. കെ.എസ്.ഇ.ബി യുടെ താരിഫ് പ്രകാരമുള്ള തുകയാണിത്. ഇതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാട്ട്സ് | എണ്ണം | നിരക്ക് | ഈടാക്കുന്ന വൈദ്യുതി ചാർജ് |
|---|---|---|---|---|---|
| 1 | സാധാരണ ബൾബ് | 40 | 459 | 61 | 27999 |
| 2 | സാധാരണ ബൾബ് | 60 | 291 | 94 | 27354 |
| 3 | സാധാരണ ബൾബ് | 100 | 1 | 155 | 155 |
| 4 | ഫ്ലൂറസന്റ് ട്യൂബ് | 80 | 89 | 124 | 11036 |
| 5 | എസ്.വി ലാമ്പ് | 125 | 2 | 206 | 412 |
| 6 | എസ്.വി ലാമ്പ് | 250 | 8 | 414 | 3312 |
| 7 | സി.എഫ്.എൽ | 22 | 45 | 14 | 630 |
| | | | | ആകെ | 70898 |

താരിഫ് പ്രകാരം 200 സാധാരണ ബൾബുകൾക്ക് 55508/- രൂപയാണ് കെ.എസ്.ഇ.ബി പ്രതിമാസം ഈടാക്കുന്നത്. എന്നാൽ അടുത്ത സാമ്പത്തിക വർഷങ്ങളിലൊന്നും തന്നെ ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകൾക്കായി സാധാരണ ബൾബുകൾ വാങ്ങിയിട്ടില്ല. നിലവിൽ ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകൾക്കായി 55508/- രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിയ്ക്കുന്നത് വരുമാന ശോഷണത്തിനു മാത്രമേ ഇട നല്കൂ.

തെരുവു വിളക്കുകൾക്ക് സി.എഫ്.എൽ സ്ഥാപിയ്ക്കുക എന്ന പദ്ധതി പ്രകാരം പഞ്ചായത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചിട്ടുള്ള സി.എഫ്.എൽ വിളക്കുകളുടെ നിരക്ക് കണക്കാക്കിയിരുന്നുവെങ്കിൽ വളരെ കുറഞ്ഞ തുക മാത്രമേ വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുമായിരുന്നുള്ളൂ. വൈദ്യുതി ബോർഡുമായി ചേർന്ന് തെരുവു വിളക്കുകളുടെ സംയുക്ത പരിധോധന നടത്തി പ്രവർത്തനത്തിൽ ഉള്ള വിളക്കുകൾക്കു മാത്രം വൈദ്യുതി ചാർജ് അടയ്ക്കുവാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-4 ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല. ചെലവ് തടസ്സപ്പെടുത്തുന്നു

(A)

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക | ഫണ്ടിനം | ഡി.ഡി.നം./ചെക്ക്നം./ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| S0026/16<br>ഗ്രോബാഗ് പച്ചക്കറി കൃഷി | 330000<br>110000 | വികസനഫണ്ട്<br>ഗുണഭോക്തൃവിഹിതം | ഡി.ഡി. 059928/16.03.16<br>ചെക്ക് നം.0854232/31.03.16 |

ഈ പ്രോജക്ട് പ്രകാരം 200 കർഷകർക്ക് 25 ഗ്രോബാഗ് വീതം (ആകെ 5500എണ്ണം) വിതരണം ചെയ്യുകയുണ്ടായി. കൃഷി ഓഫീസർ നേരിട്ട് നിർവ്വഹണം നടത്തുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയതെങ്കിലും കരാർ പോലും ചമയ്ക്കാതെ, കാർഷികകർമ്മസേന മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയത്.

വികസനഫണ്ടിൽ നിന്നും പിൻവലിച്ച 330000 രൂപ ഡി.ഡി.ആയി കർമ്മസേനയ്ക്ക് നല്കുകയും പ്രോജക്ട് പ്രകാരമുള്ള ഓരോ ചെലവിനും കർമ്മസേനയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും ഡി.ഡി. നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഗുണഭോക്തൃവിഹിതമിനത്തിൽ കൃഷിഓഫീസർ മുഖേന ചെലവഴിച്ച 110000 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കാതിരുന്നതിനെത്തുടർന്ന് ഓഡിറ്റ് അന്വേഷണം നല്കിയപ്പോൾ (ഓ.അ.നം:7 തീയതി: 14.12.2016) 110000 രൂപയ്ക്ക് ജൈവവളം വാങ്ങിയതായി കാണിച്ച് ആയതിന്റെ ബില്ലുകൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. ബില്ലുകൾ പ്രകാരമുള്ള തുക കൈപ്പറ്റിയതിന്റെ രേഖകളില്ല. ബില്ല് പ്രകാരമുള്ള തുക അക്കൗണ്ടിൽ നിന്നും ഡി.ഡി. ആയി നല്കിയിട്ടുമില്ല.

1000 രൂപയ്ക്ക് മുകളിലുള്ള ചെലവുകൾ ഡി.ഡി.ആയി നല്കണമെന്നാണ് വ്യവസ്ഥയെന്നിരിക്കെ, കൃഷി ഓഫീസർ 110000 രൂപ പണമായി പിൻവലിയ്ക്കുകയാണുണ്ടായത്. ഡി.ഡി. ആയി നല്കാത്തതിനാൽ കർമ്മസേനയുടെ അക്കൗണ്ടിൽ ലഭിച്ച 110000 രൂപ കൃഷിഓഫീസർ നല്കിയതാണെന്ന് ഉറപ്പാക്കാനാവുന്നില്ല. മാത്രമല്ല, 110000 രൂപയുടെ ചെലവ് ഡി.ഡി.ആയി ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുമില്ല. കൂടാതെ 110000 രൂപയുടേത് ജൈവവളത്തിന്റെ മാത്രം ബില്ലുകളാണ്. മുൻ വർഷത്തെക്കാൾ കൂടുതൽ ജൈവവളം ആവശ്യമായത് സംബന്ധിച്ച വിശദീകരണം പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച രേഖകൾ ഫയലിലും സൂക്ഷിച്ചിട്ടില്ല. ഈ ചെലവിന്റെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ കൂടുതൽ രേഖകൾ ഹാജരാക്കുന്നതിന് 19.12.2016 ന് 19-ാം നമ്പർ ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. പഞ്ചായത്തിൽ 2014-15 ൽ ഇതേ പ്രൊജക്ട് പ്രകാരം മണ്ണ്, ചാണകം, ചകിരിപ്പൊടി എന്നിവ മാത്രം ഉപയോഗിച്ച് തയ്യാറാക്കിയ ഗ്രോബാഗിൽ തൊട്ടടുത്ത വർഷവും കൃഷി ചെയ്യുന്നതിന് കൂടുതൽ വളം നല്കാതെ തന്നെ, S0091/16-ാം നംപർ പ്രോജക്ട് പ്രകാരം തൈകൾ വിതരണം ചെയ്തിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ ജൈവവളം ഉപയോഗിക്കാതെ തന്നെ തുടർച്ചയായി കൃഷിചെയ്യാമെന്ന് വ്യക്തവുമാണ്. ചെലവിന്റെ കൃത്യത ഉറപ്പാക്കാനാകാത്തതിനാൽ 110000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

(B) മുൻവർഷത്തേക്കാൾ 125 ഗ്രോബാഗ് കുറവായിട്ടും മുൻവർഷം ആവശ്യമായതിനെക്കാൾ കൂടുതൽ സാധനങ്ങൾ തൻവർഷം വാങ്ങി:-
2014-15 ൽ ഇതേ പദ്ധതി നടപ്പാക്കിയപ്പോൾ 5625 ഗ്രോബാഗിന് വേണ്ടി 9 ലോഡ് മേൽമണ്ണും, 12 ലോഡ് ചാണകപ്പൊടിയുമാണ് ആവശ്യമായത് എന്നിരിക്കെ 2015-16 ൽ 5500 ഗ്രോബാഗിന് വേണ്ടി 11ലോഡ് മേൽമണ്ണും 14 ലോഡ് ചാണകപ്പൊടിയും വാങ്ങി. ഗ്രോബാഗിന്റെ എണ്ണം കുറവായിട്ടും കൂടുതൽ അളവിൽ ടി സാധനങ്ങൾ വാങ്ങേണ്ടതിന്റെ ആവശ്യം പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം നല്കുന്നതിനും ഗ്രോബാഗ് നിറയ്ക്കുന്നതിനാവശ്യമായ സാധനങ്ങൾ സംബന്ധിച്ച ഡേറ്റ പരിശോധനയ്ക്ക് നല്കുന്നതിനും ഓഡിറ്റ് അന്വേഷണം നല്കിയതിന്, 2014-15 ൽ ഇറക്കിയ മണ്ണിൽ കല്ല് കൂടുതലായിരുന്നെന്നും മുൻവർഷത്തെക്കാൾ അഞ്ച് കിലോ കൂടുതൽ സാധനങ്ങൾ നിറയ്ക്കേണ്ടതുണ്ടെന്നും ഇതിനു വേണ്ടിയാണ്

കൂടുതൽ മണ്ണ്, ചാണകപ്പൊടി എന്നിവ കൂടുതൽ ഇറക്കിയതെന്നും മറുപടി നല്കി. കൂടിയ വിലയ്ക്കാണ് മേൽമണ്ണ് വാങ്ങിയിട്ടുള്ളത്. ക്വട്ടേഷൻ ലഭിച്ചത് പ്രകാരം ഇറക്കുന്ന മേൽമണ്ണ് ഉപയോഗയോഗ്യമല്ലെങ്കിൽ നല്ല മണ്ണ് ഇറക്കുന്നതിന് നിർദ്ദേശം നല്കാവുന്നതും നല്ല മണ്ണ് ഇറക്കാത്തപക്ഷം ചെലവ് തുക നല്കാതിരിക്കാവുന്നതുമാണ്. മാത്രമല്ല, മണ്ണിന്റെ ഭാരമല്ല വ്യാപ്തമാണ് അളവ് എന്നതിനാൽ 5 കിലോ കൂടുതൽ ആവശ്യമാണെന്ന കണക്ക് പൊരുത്തപ്പെടുന്നതുമില്ല. നനവ് അനുസരിച്ച് ഭാരം വ്യത്യാസപ്പെടുന്നതുമാണ്. ആകയാൽ കൃഷി ഓഫീസറുടെ മറുപടി അംഗീകരിക്കാനാകില്ല. മുൻവർഷം ഉപയോഗിച്ച അളവിലുള്ള മണ്ണ്, ചാണകം എന്നിവയുടെ അളവിനെക്കാൾ കൂടുതൽ അംഗീകരിക്കാനാകില്ല. ഗ്രോബാഗിന്റെ എണ്ണം കുറവായിട്ടും കൂടുതലായി വാങ്ങിയ സാധനങ്ങളുടെ വില 20560 രൂപ (7500രൂപ നിരക്കിൽ 2 ലോഡ് മണ്ണ്, 2800 രൂപ നിരക്കിൽ 2 ലോഡ് ചാണകം) തടസ്സപ്പെടുത്തുന്നു.

## 3-5 മുൻവർഷം ഗ്രോബാഗിന് ഈടാക്കിയ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അവശേഷിക്കുന്നു

2014-15 ൽ നടപ്പാക്കിയ ഗ്രോ ബാഗ് പച്ചക്കറികൃഷിയ്ക്ക് വേണ്ടി ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ച 112500 രൂപയിൽ 35484 രൂപ തൻവർഷം ചെലവഴിച്ചിരുന്നില്ല. അധികം ഈടാക്കിയ ഗുണഭോക്തൃവിഹിതം തിരികെ നല്കുന്നതിന് പകരം ഇതിൽ 22500 രൂപ മാത്രം വകയിരുത്തി 2015-16 ൽ S0091/16 നംപർ പ്രോജക്ട് നടപ്പാക്കി. ചെലവ് രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നല്കിയതിനെത്തുടർന്ന് 22500 രൂപയ്ക്ക് ചുനക്കര എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററിൽ നിന്നും പച്ചക്കറിതൈകൾ വാങ്ങിയതിന്റെ ബില്ലും തുക കൈപ്പറ്റിയതിന്റെ രേഖയും ഹാജരാക്കി . എന്നാൽ പച്ചക്കറിത്തൈ വിതരണം ചെയ്തതിന്റെ രേഖകൾ ലഭിച്ചില്ല. 2014-15 ലെ ഗ്രോബാഗ് പദ്ധതി ബഹുവർഷ പ്രോജക്ട് ആയിരുന്നില്ല. പഞ്ചായത്തിന് 100% സബ്സിഡിയായി തൈകൾ നല്കാമെന്നിരിക്കെ പഞ്ചായത്ത് വിഹിതം ഇല്ലാതെ കൃഷിക്കാരുടെ പണം മാത്രം വിനിയോഗിച്ച് തൈവിതരണം മാത്രമാണ് ഈ പ്രോജക്ടിൽ നടന്നത് . ഇപ്രകാരം പ്രൊജക്ട് നടപ്പാക്കിയത് തെറ്റായ നടപടിയാണ്. തൈ വിതരണം ചെയ്ത രേഖകളും മോണിട്ടറിംഗ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 22500 രൂപ തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം തിരികെ നല്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-6 റോഡ് കോൺക്രീറ്റിംഗ്: കൺവീനർക്ക് അധികം തുക

കല്ലിപൂന്തൽ കോളനി റോഡ് കോൺക്രീറ്റിംഗിന് ഗുണഭോക്തൃ സമിതി കൺവീനർക്ക് 2849രൂപ അധികം നല്കി.

ബഹുവർഷ പ്രോജക്ടായ( 2014-15 പ്രോജക്ട് നം.161/15,15-16 പ്രോജക്ട് നം.136/16) പദ്ധതിയുടെ എം.ബുക്ക് 55/2014-15അനുസരിച്ച് ആകെ മൂല്യം 464159രൂപയാണ്.

കൺവീനർക്ക് 056771/20.4.15(179245രൂപ), 058986/18.11.15(68791രൂപ), 063126/ തീയതി വ്യക്തമല്ല (218972രൂപ) എന്നീ ഡിഡികളിൽ ആകെ 467008രൂപ നല്കി. അധികം നല്കിയ 2849രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. ഇത് തിരിച്ച് ഈടാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തില്ല. അതിനാൽ അധികം നല്കിയ തുക-2849രൂപ അവസാന ബിൽ നല്കിയ എ.ഇ സതീഷ് കുമാറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ടാർവീപ്പവില ഈടാക്കിയില്ല

കരാറുകാരൻ ചെയ്ത ചിറവരമ്പ് കോളനി റോഡ് ടാറിംഗിൽ ഉപയോഗിച്ച ടാറിന്റെ വീപ്പ വില ഈടാക്കിയില്ല.

എം.ബുക്കി (15/204/AE/LSGD/CKGP/15-16)ലെ രേഖപ്പെടുത്തൽ അനുസരിച്ച് കരാറുകാരൻ 4433.72കിലോ ടാർ ഉപയോഗിച്ചിട്ടുണ്ട്. ഒരു വീപ്പ 156.5 കിലോ നിരക്കിൽ ഇത് 29വീപ്പ വരും. വീപ്പക്ക് 250രൂപ (വില-238+വാറ്റ് 12) നിരക്കിൽ 7250രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടിയിരുന്നു. വീപ്പ വില ഈടാക്കാഞ്ഞത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമാണ്.

2014ലെ DSR നിരക്കിലാണ് എസ്റ്റിമേറ്റ് തയാറാക്കിയത്. DSRനിരക്കിന് ആധാരമായ CPWD Specification അനുസരിച്ച് ഉപയോഗിച്ച ടാറിന്റെ ഒഴിഞ്ഞ വീപ്പ വില തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹിച്ച പദ്ധതിയുടെ അടങ്കൽ എസ്.സി.പി ഫണ്ട് 559904രൂപയായിരുന്നു. 19.9%കുറവിലാണ് കരാർ ചെയ്തത് (എഗ്രിമെന്റ്-15/എഇ/എൽഎസ്ജിഡി/ സികെജിപി/15-16,28.09.15).

ബഹുവർഷ (83/16,35/17)പ്രോജക്ടായ പദ്ധതിക്ക് 15-16ൽ 550131രൂപ (ബിൽ 30/24.2.16) യും 16-17ൽ 9773 രൂപ (ബിൽ 520/22.10.16) യും ചെലവുണ്ട്. കരാറുകാരനായ ഇ.ഷാജഹാന് 526310രൂപ (ഡി.ഡി.059593/ 3.3.2016-516537രൂപ, ഡി.ഡി.520060/1.11.2016-9773രൂപ) നല്കി.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

## 3-8 വാറ്റ്,ക്ഷേമനിധി:കൂടുതൽ തുക അടച്ചു

ഗുണഭോക്തൃ സമിതി നടപ്പാക്കിയ ബഹുവർഷ പ്രോജക്ട് (93/15,130/16) വാക്കയിൽ ജംഗ്ഷൻ-തറയിൽ ജംഗ്ഷൻ റോഡ് മെറ്റലിംഗ്, ടാറിംഗ് വേലയിൽ വാറ്റ്, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം 21159രൂപ അധികം അടച്ചു.

എം.ബുക്ക് 69/2014-15അനുസരിച്ച് പണിയുടെ ആകെ മൂല്യം-1306524രൂപ. അതിനാൽ 10%വാറ്റ്-130652രൂപ, 1%ക്ഷേമനിധി-13065രൂപ ,ആകെ 143717രൂപയാണ് അടയ്ക്കേണ്ടത്.

എം.ബുക്ക്, ട്രഷറി ബില്ലുകൾ അനുസരിച്ച് 2014-15 ൽ പദ്ധതിക്ക് വകയിരുത്തിയ 500000രൂപ (ബിൽ 54/15, 23.3.15) യിൽ 24722രൂപ വാറ്റും (ചെലാൻ103/31.3.15) 4944രൂപ (ഡി.ഡി 056787/2.4.15) ക്ഷേമനിധിയും ആകെ 29666രൂപ ഒടുക്കിയിരുന്നു. തുടർന്ന് 2015-16ൽ വകയിരുത്തിയ 950241രൂപ (ബിൽ18/30.10.15) യിൽ നിന്ന് 135210രൂപ വാറ്റ്, ക്ഷേമനിധി വിഹിതം ഒടുക്കി.

ഇങ്ങനെ രണ്ട് വർഷം രണ്ടിനങ്ങളിൽ ആകെ 164876രൂപ ഒടുക്കി. അധികം- 21159രൂപ ഗുണഭോക്തൃസമിതി നിർവഹണമായതിനാൽ വാറ്റും ക്ഷേമനിധിയും പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് ഒടുക്കിയത്. അതിനാൽ അധികം ഒടുക്കിയ 21159രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമാണ്. അത് ഓഡിറ്റിൽ അനുവദിക്കുന്നില്ല. അന്തിമ ബിൽ നല്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് തിരികെ ഈടാക്കണം.

പദ്ധതിയുടെ ആകെ മൂല്യം -1306524രൂപ കൺവീനർക്ക് അർഹമായിരുന്നു. 14-15ൽ 470334രൂപയും (ഡി.ഡി 056763/2.4.15) 15-16ൽ 815031രൂപ (ഡി.ഡി.058946/9.11.15) യും - ആകെ 1285365രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായി ഒരുവർഷം കഴിഞ്ഞിട്ടും കൺവീനർ ബാക്കി തുക ആവശ്യപ്പെടാതിരുന്നതിനാൽ ഇതേവരെയുള്ള ചെലവുകൾ അന്തിമമായിരിക്കും.

## 3-9 റോഡ് കോൺക്രീറ്റ് വേലകളിൽ സാങ്കേതിക നിർദേശം ലംഘിച്ചതിനാൽ അധികചെലവ്

14-15ൽ തുടങ്ങി 15-16ൽ പൂർത്തിയാക്കിയ 5 ബഹുവർഷ പദ്ധതികളിലാണ് അധികചെലവ്. സാങ്കേതിക നിർദ്ദേശത്തിലേക്കാൾ കൂടിയ കനത്തിൽ കോൺക്രീറ്റ് ചെയ്തതായി 5 വേലകളുടേയും എം.ബുക്കിലുണ്ട്. കനം കൂടിയതിനാലാണ് അധികചെലവ്.

സി.സി 1:4:8-40mm മെറ്റൽ,സി.സി 1:2:4-20mm മെറ്റൽ എന്നീ രണ്ട് അനുപാതങ്ങളിലാണ് റോഡ് കോൺക്രീറ്റ്. ഇതിൽ ആദ്യത്തേത് 10 സെ.മീറ്ററും രണ്ടാമത്തേത് 5 സെ.മീ കനത്തിലും ചെയ്യുവാനാണ് സാങ്കേതിക നിർദ്ദേശം. നിർദേശം ലംഘിച്ച് 5വേലകളിലും രണ്ടാം കോൺക്രീറ്റ് 7.5 സെ.മീറ്ററിൽ ചെയ്തതായി എം.ബുക്കിൽ കാണുന്നു. 2012ലെ എസ്.ഒ.ആർ അടിസ്ഥാനമാക്കിയാണ് വേലകളുടെ എസ്റ്റിമേറ്റ്.

അധികചെലവിന്റെ വിവരണം:

| ക്രമനം. | പ്രോജക്ട് നം.,പേര് | എം.ബുക്ക്നം, എം.ബുക്ക് പ്രകാരം ചെയ്ത കോൺക്രീറ്റ് | സാങ്കേതിക നിർദേശ പ്രകാരം ചെയ്യേണ്ടിയിരുന്ന കോൺക്രീറ്റ് | അധികം | അധിക ചെലവ്* |
|---|---|---|---|---|---|
| 1 | 129/16- മുകുളവിള പുത്തൻ കുളം റോഡ് പുനരുദ്ധാരണം. | 57/2014-15<br>c.c1: 2: 4-<br>150x2.5x0.075=28.125m³ | 150x2.5x0.05=18.75m³ | 9.38m³ | 63334 |
| 2 | 120/16- കൊയ്പള്ളി ജം.മുതൽ കിഴക്കോട്ട് വയൽ വരെ റോഡ് പുനരുദ്ധാരണം | 43/2014-15<br>c.c1:4:8- 170x2.8x0.12= 57.12m³<br>c.c1:2:4- 170x2.8x0.075= 35.7m³ | c.c 1:4:8<br>170x2.8x0.1=47.6m³<br>c.c 1:2:4<br>170x2.8x0.05=23.8m³ | 9.52m³**<br>11.9m³ | 45972<br>80345 |
| 3 | 136/16- കല്ലിപ്പൂന്തൽ റോഡ് കോൺക്രീറ്റ് | 55/2014-15<br>c.c 1:2:4-141x2.8x0.075=29.61m³<br>4x3.25x0.075=1.3m³<br>ആകെ =30.91m³ | 141x2.8x0.05=19.74m³<br>4x3.25x0.05=0.65m³<br>ആകെ=20.39m³ | 10.52m³ | 71031 |
| 4 | 132/16- ഗുരുമന്ദിരം ചെല്ലിച്ചിറ റോഡ് പുനരുദ്ധാരണം | 59/2014-15<br>c.c1:2:4- 190x2.8x0.075=39.9m³ | 190x2.8x0.05<br>26.6m³ | 13.3m³ | 89802 |
| 5 | 135/16- കൊട്ടാരത്തിൽ താച്ചയിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | c.c 92x2.6x0.075=17.94m³<br>141x2.6x0.075=27.5m³<br>ആകെ= 45.44m³ | 92x2.6x0.05= 11.96m³<br>141x2.6x0.05=18.33m³<br>ആകെ=30.29m³ | 15.15m³ | 102293 |
| | ആകെ | | | | 452777 |

(*10 dm³=67.52രൂപ നിരക്കിൽ.**1m³ ന് 4829രൂപ നിരക്കിൽ)

മേൽ റോഡുകളുടെ വീതി 3മീറ്ററിൽ കുറവാണ്. അതിനാൽ ഇവ വലിയ വാഹനങ്ങൾ പോകാത്ത നടപ്പാതകളാണെന്ന് വ്യക്തമാണ്. വാഹനസാന്ദ്രത വളരെ കൂടിയ ഹൈവേകൾ പോലും 15 സെ.മീ.കനത്തിലാണ് ടാർചെയ്യുന്നത്. മാത്രമല്ല കൂടിയ കനത്തിൽ കോൺക്രീറ്റ് ചെയ്തത് സാധൂകരിക്കുന്ന വസ്തുതകൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ അധികച്ചെലവ് 452777/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധന - അപാകതകൾ

1. B11-ആസ്തികളുടെ മൂല്യം പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.
2. B18-ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി ഭൂജലവകുപ്പ്, കെ.ഡബ്ല്യു.എ. എന്നിവിടങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നതും പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

-- ഇല്ല--

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കരിമുളയ്ക്കൽ ലക്ഷം വീട് പണ്ടാരത്തറ കോളനി കുടിവെള്ള പദ്ധതി | - | 703500 | ഇല്ല | 703500 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-- ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | 747/2010 /തീയതി. 5/3/2010 | 13345500 | 3530922 | 2125916 | - | 1405006 |

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിയ്ക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-24-1(2) | 2005-06, 2006-07 | 91 | പൈപ്പ് ലൈൻ സ്ഥാപിയ്ക്കാനുള്ള പദ്ധതിയുടെ കൺവീനർക്കെതിരെ RR നടപടി സ്വീകരിയ്ക്കുന്നത് | RR നടപടി സ്വീകരിച്ചിട്ടുണ്ട് |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 37993843 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45255166 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 31258 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 605837 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 2849 | ശ്രീ.സതീഷ് കുമാർ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 7250 | |
| 3-8 | | 21159 | |
| | ആകെ | 31258 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 130560 | ശ്രീമതി.രജിനി, കൃഷി ഓഫീസർ |
| 3-5 | 22500 | |
| 3-9 | 452777 | |
| ആകെ | 605837 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രജിനി, കൃഷി ഓഫീസർ | കൃഷി ഓഫീസർ,ചുനക്കര കൃഷി ഭവൻ | കാവു വിളയിൽ,മാങ്കാംകുഴി .പി.ഒ,വെട്ടിയാർ, മാവേലിക്കര |
| സതീഷ് കുമാർ.എം, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,ചുനക്കര ഗ്രാമ പഞ്ചായത്ത് | ചാവക്കര പുത്തൻ വീട്, കല്ലാർ.പി.ഒ,വിതുര |
| ശ്രുതി.എം.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ | പൗർണ്ണമി, ആല.പി.ഒ. ചെങ്ങന്നൂർ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2000-01 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 2004-05 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |

| | |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2007-08 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2008-09 | എൽ.എഫ്.ജി.എ5-1577/13(B)/22.05.2012 |
| 2009-10 | എൽ.എഫ്.പി.9/1200/10/21.03.2011/31.03.2011 |
| 2010-11,11-12 | എൽ.എഫ്.പി.6/370/2014/23.06.2014/08.08.2014 |
| 2012-13 | എൽ.എഫ്.പി.6/141/2010/31.03.2015 |
| 2013-14 | കെ.എസ്.എ.എ.എൽ.പി./പി.6-1080/2015/18.09.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി./പി.12-820/2016/26.07.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി12/1538/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 27-12-2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P12/1538/2016

Kerala State Audit Department,
District Audit Office, Alappuzha.
Date: 27-12-2016.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Chunakkara Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Chunakkara Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha